# Virtual Summit between India's Prime Minister Narendra Modi and Denmark's Prime Minister Mette Frederiksen

September 27, 2020

---

## ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഡെന്മാർക്ക് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സണും തമ്മിലുള്ള വിർച്വൽ ഉച്ചകോടി

സെപ്റ്റംബർ 27, 2020

1. ഇന്ത്യൻ പ്രധാനമന്ത്രിയും ഡെന്മാർക്ക് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സണും തമ്മിലുള്ള വിർച്വൽ ഉച്ചകോടി 2020 സെപ്റ്റംബർ 28 ന്, ഇന്ത്യയുടെ ആതിഥേയത്വത്തിൽ നടന്നു.

2. ഇന്ത്യ - ഡെൻമാർക്ക് ഉഭയകക്ഷി ബന്ധങ്ങൾ ഉയർന്ന തലത്തിലുള്ള കൈമാറ്റങ്ങൾ സാക്ഷ്യപ്പെടുത്തുന്നതാണ്. അവ ചരിത്രപരമായ ബന്ധങ്ങൾ, പൊതു ജനാധിപത്യ പാരമ്പര്യങ്ങൾ, പ്രാദേശികമായ പങ്കുവയ്ക്കുന്ന ലക്ഷ്യങ്ങൾ, കൂടാതെ അന്താരാഷ്ട്ര സമാധാനം സ്ഥിരത എന്നിവ അടിസ്ഥാനമാക്കിയുള്ളതാണ്.

3. ഇന്ത്യയുടെയും ഡെന്മാർക്കിന്റെയും ഇടയിലുള്ള സേവനങ്ങളുടെയും വ്യവസായം 30.49% വർദ്ധിച്ചിരിക്കുന്നു, അതായത് 2016 ലെ 2.82 ബില്യൺ അമേരിക്കൻ ഡോളറിൽ നിന്നും 2019 ൽ 3.68 ബില്യൺ അമേരിക്കൻ ഡോളറായി വർദ്ധിച്ചിരിക്കുന്നു.ഏകദേശം 200 ഡാനിഷ് കമ്പനികൾ ഇന്ത്യയിലെ നാവിക ചരക്ക് ഗതാഗതം, പുനരുപയോഗ ഊർജം, പരിസ്ഥിതി, കൃഷി, ഭക്ഷണസംസ്കരണം, മികച്ച നഗരവികസനം എന്നീ മേഖലകളിൽ നിക്ഷേപങ്ങൾ നടത്തുകയുണ്ടായിട്ടുണ്ട്. 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയ്ക്ക് കീഴിൽ ധാരാളം സ്പാനിഷ് കമ്പനികൾ പുതിയ നിർമാണ ഫാക്ടറികൾ തുടങ്ങുകയും ചെയ്തിരുന്നു. ഡെന്മാർക്കിലെ ഐ ടി, പുനരുപയോഗഊർജം കൂടാതെ എഞ്ചിനീയറിങ് എന്നിവയിൽ ഏകദേശം 25 ഇന്ത്യൻ കമ്പനികളുടെ സാന്നിധ്യവുമുണ്ട്.

4. ഈ അവസരത്തിൽ ബൗദ്ധിക ആസ്തി സഹകരണം സംബന്ധിച്ച് ഇന്ത്യയും ഡെന്മാർക്കും തമ്മിൽ ഒരു ഉടമ്പടി ഒപ്പു വയ്ക്കുകയും ചെയ്തിരുന്നു. മറ്റൊരു പ്രധാന ഫലമായിരുന്നു ഇന്റർനാഷണൽ സോളാർ അലയൻസിലെ (ISA) ഡെന്മാർക്കിന്റെ പങ്കാളിത്തം.

5. ഇരു രാജ്യങ്ങളും തമ്മിലുള്ള സമയാതീതമായ സൗഹൃദബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഉഭയകക്ഷി ബന്ധത്തിന്റെ വിശാലമായ ഘടന സമഗ്രമായ രീതിയിൽ അവലോകനം ചെയ്യുന്നതിനും പരസ്പരം താല്പര്യമുള്ള വിഷയങ്ങളിൽ സഹകരണപങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള രാഷ്ട്രീയ നിർദേശങ്ങൾ നൽകുന്നതിനും വിർച്വൽ ഉച്ചകോടി ഇരു നേതാക്കൾക്കും അവസരം നൽകി.

ന്യൂ ഡൽഹി
27 സെപ്റ്റംബർ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.